## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2486** **27-02-2023 - ൽ മറുപടിയ്ക്ക്**

## പൊതുമേഖല സ്ഥാപനങ്ങളുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു വർഷം ഒരു ലക്ഷം വ്യവസായ സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പൊതുമേഖല സ്ഥാപനങ്ങളുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) | വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നതിന് വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചുവരുന്ന ഭൂമിയും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭാവിയിൽ ആവശ്യമായി വരാവുന്ന ഭൂമിയും കഴിച്ച് ബാക്കിയുള്ള കൈവശ ഭൂമിയുടെ ലഭ്യത വിലയിരുത്തിയിട്ടുണ്ട്.<br><br>ടി സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത കിൻഫ്രയുടെ നേതൃത്വത്തിൽ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 9 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 40.41 ഏക്കർ ഭൂമി ഒന്നാം ഘട്ടത്തിൽ അടിയന്തരമായി ഉപയോഗിക്കാൻ സാധിക്കുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>ഇതിനെ തുടർന്ന് 2022-23 ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്ന "ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയ്ക്ക് കീഴിൽ 200 കോടി രൂപ കോർപ്പസ് ഫണ്ട് ആയി വകയിരുത്തുകയും പദ്ധതിയുടെ പൈലറ്റ് പ്രോജക്റ്റ് കൊല്ലത്ത് സ്ഥിതി ചെയ്യുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നടപ്പാക്കുമെന്നും" സൂചിപ്പിച്ചിരുന്ന പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെൻറ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ |

| | | | |
|---|---|---|---|
| | | | ബോർഡ് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഭരണാനുമതി G.O.(Rt).No.84/2023/ID dated 29-01-2023 പ്രകാരം നൽകിയിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ കണ്ടെത്തിയിരിക്കുന്ന 96 സെൻറ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായുള്ള പദ്ധതി പ്രകാരം 86080 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) നിർമ്മിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.<br><br>വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന കോമൺ ഫെസിലിറ്റി സെന്ററിൽ ഉൾപ്പെടുത്തി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനും സംരംഭകർക്ക് ആവശ്യമായ സ്ഥല സൗകര്യങ്ങൾ നല്കുന്നതിനുമാണ് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നത്. വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം സംരംഭക വർഷമായി ആചരിക്കുന്നതിനോടൊപ്പം സംരംഭകർക്കാവശ്യമായ വിവിധ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ